**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള ഏഴ് കോടി രൂപയ്ക്ക് ഇങ്കെൽ എന്ന നിർവഹണ ഏജൻസിയെ ചുമതലപ്പെടുത്തി ആവശ്യമായ നിലയിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള 9771604/2025/MIN (HEALTH) ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; നിലവിൽ ഫയൽ ആരുടെ പരിഗണയിലാണെന്ന് അറിയിക്കുമോ; | (എ) | നവകേരള സദസ്സിന്റെ ഭാഗമായി പുനലൂർ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മിക്കുന്ന പ്രവൃത്തിക്ക് (ഏഴ് കോടി രൂപ) സർക്കാർ അംഗീകാരം നൽകിയിരുന്നു. (സ. ഉ. (കൈ)നം.3/2025/PIE&MD തീയതി 28-07-2025 പ്രകാരം) ഈ പ്രവർത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | ഉത്തരം (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എം.എൽ.എ. യുടെ കത്തുകൾ ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ? | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് എം.എൽ.എ.യുടെ കത്തുകൾ ലഭിച്ചിട്ടുണ്ട്. പ്രവർത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് സഹിതമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ